പറഞ്ഞതു കൂടാതെ തന്നെ നേരത്തെ നിവേദനം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ടു നൽകാൻ ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് എൻജീനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡ് ഇപ്പോൾ പുനഃസംഘടനാ നടപടിയിൽ ഏർപ്പെട്ടിരിക്കുകയാണ്. എപ്രിൽ മേയ് മാസത്തോടുകൂടിയാണ് അതിന്റെ പുനഃ സംഘടനാ ക്രമീകരണം ഉദ്ദേശിച്ചിരിക്കുന്നത്. തുടർന്നാണ് സെക്ഷൻ ആഫീസുകൾ മേജർ സെക്ഷൻ ആഫീസ് ആയിട്ട് ഉയർത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. ആ ഘട്ടത്തിൽ നോംസ് അനുസരിച്ച് നടപടി ക്രമങ്ങൾ പൂർത്തികരിച്ച് കഴിഞ്ഞിട്ടുള്ള ഈ ആവശ്യം പരിഗണിക്കുന്നതാണ്.

(14) ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന താൽക്കാലിക ജീവനക്കാരുടെ പ്രയാസങ്ങൾ

<u>ശ്രീമതി റോസമ്മ ചാക്കോ</u> : ആരോഗ്യവകുപ്പിൽ ഇന്ന് പ്രവർത്തിക്കുന്ന 1800 ഓളം പേരുടെ ബുദ്ധിമുട്ടുകളാണ് ഞാൻ ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്. താൽക്കാലിക ജീവനക്കാരായി ഡി.എം.ഒ. നിയമിച്ചവരാണ് ഇവരെല്ലാം മൂന്നു മുതൽ 8 വർഷം വരെ അവർക്ക് സർവ്വീസുണ്ട്. പലരും പ്രായപരിധി കഴിഞ്ഞവരുമാണ്. ഇനിയൊരു പി.എസ്.സി. ടെസ്റ്റ് എഴുതാൻ അവർക്ക് കഴിയുകയില്ല. അവർക്ക് ശമ്പളം മാത്രം കിട്ടുമെന്നല്ലാതെ സർക്കാർ ജീവനക്കാർക്കുള്ള മറ്റ് യാതൊരു ആനുകൂല്യവും കിട്ടുന്നില്ല. അതുകൊണ്ട് ഇവരെ സ്ഥിരപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. വി. സി. കബീർ</u>) : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ബോണ്ട് അടിസ്ഥാനത്തിലും താൽക്കാലിക നിയമനം ലഭിച്ച സ്റ്റാഫ് നഴ്സുമാർ വിവിധ കാരണങ്ങളാൽ ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. 1-11-1987-നു മുമ്പ് താൽക്കാലികമായി സർവ്വീസിൽ പ്രവേശിച്ചവരും 13-1-95-ന് 7 വർഷം പൂർത്തിയാക്കിയവരുമായ വിവിധ വകുപ്പുകളിൽ സർവ്വീസിൽ തുടരുന്നവരെ സർവ്വീസിൽ സ്ഥിരപ്പെടുത്താനുള്ള നടപടികൾ ഭരണപരിഷ്കാര വകുപ്പിന്റെ പരിഗണനയിലിരിക്കെ 1-11-1991-ന് മുമ്പുള്ള താൽക്കാലിക സർവ്വീസ് പരിശോധിച്ച 1-11-1997-ന് 5 വർഷം പൂർത്തിയാക്കിയവരെകൂടി സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിക്കുകയുണ്ടായി. എന്നാൽ ഇതുസംബന്ധിച്ച് അന്തിമ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. അതിനുശേഷം 1-1-1994-ന് മുമ്പ് താൽക്കാലിക നിയമനം ലഭിച്ചവരും 1-11-1997-ന് മുന്നു കൊല്ലമായി സർവ്വീസിൽ തുടരുന്നവരുമായവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഭരണപരിഷ്കാര വകുപ്പ് എല്ലാ വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു വരുന്നു. തുടർന്ന് ഒക്ടോബർ 1998-ൽ പി.എസ്.സി. റാങ്ക്ഹോൾഡേഴ്സ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്ന നഴ്സുമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം ആരോഗ്യ വകുപ്പിന് പരിഗണിക്കാൻ നിർവാഹമില്ല. പൊതു തീരുമാനത്തിനു വിധേയമായി മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(15) വാളാട്-കുഞ്ഞോം എം.എൽ.എ. റോഡിന്റെ പണി

ശ്രീമതി രാധാരാഘവൻ : സർ, വടക്കേ വയനാട്ടിൽ തവിഞ്ഞാൽ പഞ്ചായത്തിൽ വാളാട്-കുഞ്ഞോം എം.എൽ.എ. റോഡിന്റെ പണി 1.00 P.M.] 1992-ൽ ആരംഭിച്ചുവെങ്കിലും നാളിതുവരെയും പൂർത്തികരിച്ചിട്ടില്ല. തവിഞ്ഞാൽ പഞ്ചായത്തിനേയും തൊണ്ടർനാട് പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന എം.എൽ.എ റോഡാണിത്. മഴക്കാലത്ത് ഈ റോഡിൽ കൂടിയുള്ള സഞ്ചാരം ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടാണ്. വാളാട് ഗവൺമെന്റ് ഹൈസ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും, മാനന്തവാടി ജില്ലാ ആശുപത്രിയിലേയ്ക്കു രോഗികളെ കൊണ്ടുപോകുന്നവർക്കുമുള്ള ബുദ്ധിമുട്ട് പറഞ്ഞറിയിക്കാൻ പറ്റാത്ത വിധമാണ്. ഈ റോഡിന്റെ പണി പൂർത്തീകരിക്കാത്തതിന്റെ കാരണം കരാറുകാരനും പൊതുമരാമത്ത് ഉദ്യോഗസ്ഥന്മാരുമായി ഒരു കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നതിലാണ്. ഈ റോഡിന്റെ പണി പൂർത്തീകരിക്കുവാനും കേസ് പിൻവലിക്കുവാനും പുതിയ കരാറുകാരനെ ഏല്പിക്കുവാനും സർക്കാർ മുൻകൈയെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

മി. സ്പീക്കർ : ഇതിന്റെ മറുപടിക്കുള്ള ഫയൽ എടുക്കാൻ പോയിരിക്കുകയാണ്. മറുപടി പറയും

V റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 34-ാമത് റിപ്പോർട്ട്

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 34-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥയുടെ പേരിൽ 4,84,43,000 രൂപയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,28,17,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,15,000 രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 87,59,000 രൂപയുടെയും ഉപധനാഭ്യാർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly